പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2934 — 17.10.2016 -ൽ മറുപടിക്ക്.

# ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംബന്ധിച്ച ആശങ്കകൾ

ചോദ്യം

**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**

മറുപടി

**ശ്രീ. പി. തിലോത്തമൻ**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ലഭിക്കുന്ന അരി വിഹിതത്തിൽ കുറവ് വരാൻ സാധ്യതയുണ്ടോ ;

(ബി) മുൻഗണന ലിസ്റ്റിൽ നിന്നും പുറത്തു പോകുന്ന കാർഡുടമകളുടെ എണ്ണം നിരവധിയാണെന്നുള്ള ആശങ്ക സമൂഹത്തിൽ ഉയർന്ന് വന്നിരിക്കുന്ന സാഹചര്യത്തിൽ, ഭക്ഷ്യസുരക്ഷാ നിയമം ഫലപ്രദമായി നടപ്പാക്കുവാൻ പ്രതിജ്ഞാബദ്ധമായ സർക്കാർ ഇത്തരത്തിലുള്ള എന്തെല്ലാം പ്രശ്നങ്ങളാണ് കണ്ടെത്തിട്ടുള്ളത് എന്ന് വിശദീകരിക്കുമോ ?

(എ) & (ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിലെ ഷെഡ്യൂൾ 4 പ്രകാരം 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങളാണ് പ്രതിവർഷം സംസ്ഥാനത്തിന് അലോട്ട്മെന്റായി ലഭ്യമാകുന്നത്. കേന്ദ്ര സർക്കാരിന്റെ 20.03.2015 ലെ പി.ഡി.എസ് കൺട്രോൾ ഓർഡർ പ്രകാരം 1,54,80,040 പേരാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്നത്. ഇവർക്ക് മാത്രമായി 10.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യങ്ങൾ പ്രതിവർഷം വേണ്ടി വരും. അവശേഷിക്കുന്നവർക്ക് 4.00 ലക്ഷം മെട്രിക് ടൺ മാത്രമാണ് ലഭിക്കുന്നത്. ഇതിന് പരിഹാരമായി കൂടുതൽ ഭക്ഷ്യധാന്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആലോചിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ